കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ചുനക്കര ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ/എ.എൽ.പി/പി.12- 303/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

തീയതി 28.05.2020

ഫോൺ : 0477 2252753

ഇ-മെയിൽ : ddhglfalpy@gmail.com

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചുനക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :ചുനക്കര ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചുനക്കര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്ന തിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

.
.
.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/എ.എൽ.പി/പി.12-303/2020 തീയതി 28.05.2020

# ആലപ്പുഴജില്ലയിലെ ചുനക്കര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

# ഓഡിറ്റ് റിപ്പോർട്ട്

**(1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം**-** വകുപ്പ് **215(4), 1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം **-** വകുപ്പ് **13, 1996** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ആലപ്പുഴ ജില്ലയിലെ ചുനക്കര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2018 മുതൽ 31.12.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | സന്തോഷ് കെ.വി,<br>ഡെപ്യൂട്ടി ഡയറക്ടർ |

.
.
.

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 28.02.2020 മുതൽ<br>09.03.2020 വരെ | ശ്രീമതി എൻ.സുജ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)<br>ശ്രീമതി മായാദേവി.സി.എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ.മനേഷ് കുമാർ.ജി, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.ലക്ഷ്മീകാന്ത്.പി, ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

**1) പ്രസിഡന്റ്**

| | |
|---|---|
| ശ്രീമതി ശാന്താ ഗോപാലകൃഷ്ണൻ | 01.04.2018 മുതൽ 31.03.2019 വരെ |

**2.സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ**

| ക്രമ നം. | സ്റ്റാൻഡിംഗ് കമ്മറ്റി | പേര് | കാലയളവ് |
|---|---|---|---|
| 1 | ധനകാര്യം | ശ്രീ.സുരേഷ് പുലരി | 01.04.2018 മുതൽ 31.03.2019 വരെ |
| 2 | വികസനകാര്യം | ശ്രീമതി സബീനാ റഹിം | 01.04.2018 മുതൽ 31.03.2019 വരെ |
| 3 | ക്ഷേമകാര്യം | ശ്രീ.ഫഹദ് | 01.04.2018 മുതൽ 31.03.2019 വരെ |
| 4 | ആരോഗ്യ വിദ്യാഭ്യാസം | ശ്രീമതി ശോഭാകുമാരി | 01.04.2018 മുതൽ 31.03.2019 വരെ |

**3) സെക്രട്ടറി**

| | |
|---|---|
| ശ്രീമതി.റീത്താ പവിത്രൻ | 01.04.2018 മുതൽ 31.07.2018 FN വരെ |
| ശ്രീ.നവാസ് (അസിസ്റ്റന്റ് സെക്രട്ടറി-ഇൻ ചാർജ്ജ്) | 01.08.2018 AN മുതൽ 07.08.2018 വരെ |
| ശ്രീ.ഹരികുമാർ. കെ.ജി. | 08.08.2018 മുതൽ 31.03.2019 വരെ |

**4) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ**

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി രജനി. പി | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.ലക്ഷ്മി.കെ | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി രഞ്ജു രാധാകൃഷ്ണൻ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.അഭിലാഷ് | 01.04.2018 മുതൽ 17.05.2018 വരെ |
| | ഡോ.കണ്ണൻ | 18.05.2018 മുതൽ 27.06.2018 വരെ |
| | ഡോ.സെമീന | 28.06.2018 മുതൽ 17.08.2018 വരെ |
| | ഡോ.അഞ്ജന | 18.08.2018 മുതൽ 25.10.2018 വരെ |
| | ഡോ.സെമീന | 26.10.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.നവാസ് | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ജസീമബീഗം | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി ബീന.പി.എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി വസുമതി അമ്മ | 01.04.2018 മുതൽ 31.03.2019 വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീ.ബിനോദ്.ജെ. | 01.04.2018 മുതൽ 19.06.2018 വരെ |
| | ശ്രീമതി സന്ധ്യ.ആർ നായർ | 20.06.2018 മുതൽ 11.07.2018 വരെ |
| | ശ്രീ.ബിനോദ്.ജെ | 12.07.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി ഗിരിജരാജശ്രീ | 01.04.2018 മുതൽ 31.03.2019 വരെ |

<u>**ഉള്ളടക്കം**</u>


| ക്രമ നം. | ഖണ്ഡിക നം.. | ഭാഗം – 1 |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമ പദ്ധതികൾ |
| 8 | 1-8 | ക്യാഷ് പരിശോധന |
| 9 | 1-9 | ആഭ്യന്തര നിയന്ത്രണം |
| 10 | 1-10 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം |
| 11 | 1-11 | വാർഷികകണക്കുകളിലെ അപാകതകൾ |
| 12 | 1-12 | ടെന്റർ ഫീസ് തിരികെ ലഭിച്ചില്ല |
| 13 | 1-13 | തൊഴിൽ നികുതി ഈടാക്കുന്നില്ല |
| 14 | 1-14 | പഞ്ചായത്തു വക കടമുറികളുടെ വാടക കുടിശ്ശിക ഈടാക്കാൻ നടപടിയില്ല |
| 15 | 1-15 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ വിസ്തൃതിക്കനുസൃതമായും, പ്രവേശനമാർഗ്ഗത്തിന്റെ അടിസ്ഥാനത്തിലും വസ്തുനികുതി ചുമത്തിയില്ല- തനത് വരുമാന നഷ്ടം ഉണ്ടാകുന്നു |
| 17 | 1-16 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകുന്നത് കാലോചിതമായി പരിഷ്കരിച്ചിട്ടില്ല |
| 18 | 1-17 | സൈറ്റ് ഏറ്റെടുത്തതിൽ കാലതാമസം - നിയമാനുസൃത പിഴ ഈടാക്കിയില്ല |
| 19 | 1-18 | ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല |

| | | |
|---|---|---|
| 20 | 1-19 | വെട്ടിക്കോട് ചാൽ നവീകരണം -വേണ്ടത്ര പരിശോധനകൾ നടത്താതെ നിർമ്മാണം നടത്തി- ബണ്ട് തകർന്നു |
| 21 | 1-20 | മാരാമത്ത് പ്രവൃത്തികൾ നടപ്പാക്കിയതിലെയും രേഖകൾ സൂക്ഷിച്ചതിലെയും പൊതുവായ അപാകതകൾ |
| 22 | 1-21 | "വയോജനവാടി"ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിൽ അധികൃതർ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല |
| 23 | 1-22 | സമഗ്ര നെൽക്കൃഷി- അധികമായി നൽകിയ 25,732/- രൂപയുടെ കൂലിച്ചെലവ് നിരാകരിക്കുന്നു |
| 24 | 1-23 | കാർഷിക മേഖലകളിൽ നടത്തിയ പദ്ധതികളിലെ അപാകതകൾ |
| 25 | 1-24 | വിവിധ സ്ഥാപനങ്ങൾക്ക് നൽകിയ തുകകളുടെ വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു. |
| 26 | 1-25 | ലൈഫ് ഭവനപദ്ധതി-അനുവദനീയമായതിലും അധികം ചെലവു ചെയ്തു |
| 27 | 1-26 | സമയബന്ധിതമായി ചെലവു നടത്തുന്നില്ല.ഫണ്ട് ലാപ്സാകുന്നു. |
| 28 | 1-27 | ദിവസവേതന ജീവനക്കാരുടെ നിയമനം -സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല |
| 29 | 1-28 | ഹരിതകർമ്മസേന പ്രവർത്തനങ്ങൾ -അപാകതകൾ പരിഹരിക്കേണ്ടതാണ് |
| 30 | 1-29 | ജനറൽ പർപ്പസ് ഫണ്ട് അവസാനഗഡുതുക ക്രഡിറ്റ് ചെയ്തില്ല |
| 31 | 1-30 | ശമ്പളകുടിശ്ശികയ്ക്ക് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ ഈടാക്കിയില്ല |
| **ഭാഗം – 2** | | |
| ഇല്ല | | |
| **ഭാഗം – 3** | | |
| 32 | 3-1 | സമഗ്ര നെൽക്കൃഷി-കൂലിച്ചെലവ് അധികമായി നൽകി- തുക നിരാകരിക്കുന്നു |
| 33 | 3-2 | ലൈഫ് ഭവനപദ്ധതി-അനുവദനീയമായതിലും അധികരിച്ച ചെലവു ചെയ്തു |
| | | **ഭാഗം – 4** |
| 34 | 4-1 മുതൽ 4-11 വരെ | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 35 | അനുബന്ധം.1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 36 | അനുബന്ധം.2 | |

## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

22/03/2018 തീയതിയിലെ 1(1)തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2019 | 30/04/2019 | 03/05/2019 | 15/6/2019 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 16512106 |
| വരവ് | 65931592 |
| ആകെ | 82443698 |
| ചെലവ് | 64995444 |
| നീക്കിയിരിപ്പ് | 17448254 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| വികസന ഫണ്ട് – ജനറൽ | 14897000 | 14897000 | 14822000 | 75000 |
| വികസന ഫണ്ട്-എസ്.സി.പി | 8862000 | 8862000 | 7938588 | 923412 |
| വികസന ഫണ്ട് - ടി.എസ്.പി | - | - | - | - |
| മെയിൻ്റനൻസ്, റോഡ് | 8290000 | 8290000 | 4291036 | 3998964 |
| മെയിൻ്റനൻസ്, നോൺ-റോഡ് | 3051000 | 3051000 | 2619859 | 431141 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 6915000 | 6915000 | 5318385 | 1596615 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർണ്ണമായും നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | തൻവർഷം നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 201 | 94422572 | 66 | 49117372 | 55 | 80 | 32.84 |

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 13273 | 957254 | 970527 | 888622 | 81905 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 34405368 | 34405368 | 34405368 | - |

### 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെഎണ്ണം | ചെലവഴിച്ച തുക |
|---|---|---|
| അവിവാഹിത പെൻഷൻ | - | 578800 |
| തൊഴിൽരഹിത വേതനം | 283 | 265560 |
| കർഷകതൊഴിലാളി പെൻഷൻ | 1882 | 5991600 |
| വിധവാ പെൻഷൻ | 3646 | 11207500 |
| വാർദ്ധക്യകാല പെൻഷൻ | 9607 | 29642500 |
| വികലാംഗ പെൻഷൻ | 1156 | 3796500 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 5 | 150000 |

### 1-8 ക്യാഷ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.03.2020 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9013/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

### 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ പരിഹരിക്കേണ്ടതാണ്.

1. ലഭ്യമായ ഗ്രാന്റുകൾ ചെലവഴിക്കുന്നതിൽ നടത്തിയിട്ടുള്ള ആസൂത്രണം തൃപ്തികരമല്ല. 7025132/- രൂപ പഞ്ചായത്തിനു നഷ്ടപ്പെടുന്നതിന് ഇത് ഇടയാക്കി.
2. 2011 ലെ അസാധാരണ ചെലവു ചട്ടങ്ങൾ പാലിച്ചല്ല അസാധാരണ ചെലവുകൾ നടത്തുന്നത്. ചെലവു

രേഖപ്പെടുത്തുന്നതിന് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഇത് പ്രകാരമുള്ള ചെലവുകൾ ഇതിനായുള്ള പ്രത്യേക ഹെഡിൽ അല്ല ബുക്ക് ചെയ്യുന്നത്.

3. ദൈനം ദിന പിരിവ്, പണംഒടുക്ക് എന്നിവ കൃത്യമായ മേൽ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല.
4. ജേണൽ എൻട്രി കളുടെ ആധികാരികത മേൽ ഉദ്യോഗസ്ഥർ പരിശോധിക്കുന്നില്ല.
5. സൂചിക സോഫ്റ്റ്‌വെയറിന്റെ ആവിർഭാവത്തോടെ പേഴ്സണൽ റജിസ്റ്റർ സൂക്ഷിക്കുന്നില്ല. എന്നാൽ സോഫ്റ്റ്‌വെയർ പൂർണ്ണരൂപത്തിൽ ഉപയോഗപ്പെടുത്താത്തതിനാൽ സൂചികയിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ കൃത്യമല്ല. സൂചികയിലെ പെന്റിംഗ് ലിസ്റ്റ് പ്രകാരം തീർപ്പാക്കാനവശേഷിക്കുന്ന തപാലുകൾ പലതും യഥാർത്ഥത്തിൽ തീർപ്പാക്കിയവയാണ്. ഓരോ സെക്ഷനിലും ലഭിക്കുന്ന തപാലുകളുടെ തീർപ്പാക്കൽ, പെന്റിംഗ് തപാലുകളുടെ വിവരം ഇവ നിരീക്ഷിക്കപ്പെടുന്നില്ല.
6.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28/01/2020 | 2019 ഡിസംബർ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01/04/2017 | 2011/12 വരെ | 02/09/2017 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

കെ.എസ്.എ/എ.എൽ.പി/പി-12-617/19 തീയതി 29.06.2019 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റ് സാക്ഷ്യപത്രത്തിന് അനുബന്ധമായി ചേർത്തിട്ടുള്ള വാർഷിക കണക്കുകളിലെ അപാകതകൾ പരിഹരിച്ചിട്ടില്ല.

ഇവ കൂടാതെ താഴെപറയുന്ന അപാകതയും ശ്രദ്ധയിൽപ്പെട്ടു.

പല വരവുകളും ചെലവുകളും അവക്കായുള്ള യഥാർത്ഥ ഹെഡിൽ അല്ല ഉൾപ്പെടുത്തുന്നത്. ഉദാഹരണമായി അസാധാരണ ചെലവുകൾക്കായുള്ള തുകകൾ ഇതിനായുള്ള ഹെഡിൽ അല്ല ഉൾപ്പെടുത്തിയിട്ടുള്ളത് (ഹെഡ്-220710101).

## 1-12 ടെന്റർ ഫീസ് തിരികെ ലഭിച്ചില്ല

2018-19 വർഷം ഇ ടെന്റർ വഴി നടപ്പാക്കിയ 27 മരാമത്ത് പ്രവൃത്തികളുടെ ടെന്റർ ഫീസ് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ തുടരുന്നു. ടി തുക നാളിതുവരെ ഗ്രാമപഞ്ചായത്ത് അസ്സിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ബിഡ്ഡുകളുടെ എണ്ണം | ടെന്റർ ഫീ | ജി എസ് റ്റി തുക | ആകെ |
|---|---|---|---|---|---|
| 1 | പഞ്ചായത്ത് ചുറ്റുമതിൽ പുനരുദ്ധാരണം | 1 | 500 | 60 | 560 |
| 2 | കമ്മ്യൂണിറ്റി ടോയ്‌ലെറ്റ് നിർമ്മാണം | 1 | 500 | 60 | 560 |
| 3 | മെറ്റീരിയൽ കളക്ഷൻ സെന്റർ | 1 | 1478 | 177 | 1655 |
| 4 | പഞ്ചായത്ത് ഓഫീസിലേക്ക് പൈപ്പ് കണക്ഷൻ | 1 | 300 | 36 | 336 |
| 5 | ചുനക്കര ലക്ഷം വീട് റോഡ് ഇന്റർ ലോക്കിംഗ് | 1 | 580 | 70 | 650 |
| 6 | ചാങ്കൂർ ജംഗ്ഷൻ തുണ്ടത്തിൽ കടവ് ഓട നിർമ്മാണം | 1 | 1496 | 180 | 1676 |
| 7 | പാലോട്ട് ജംഗ്ഷൻ കുറ്റിയിൽ റോഡ് പുനരുദ്ധാരണം | 1 | 500 | 60 | 560 |
| 8 | ചുനക്കര ഗ്രാമപഞ്ചായത്ത് പി.സി.പി 2018-19 പെല്ലത്ത മുക്ക് പുതുച്ചിറ പാടം | 2 | 1436 | 172 | 1608 |
| 9 | ചുനക്കര ഗ്രാമപഞ്ചായത്ത് പി സി പി 2018-19 വിളയിൽകോളനി റോഡ് കോൺക്രീറ്റിംഗ് | 4 | 2000 | 240 | 2240 |
| 10 | ചുനക്കര ഗ്രാമപഞ്ചായത്ത് പി സി പി 2018-19 വിളയിൽ കോളനി കുടിവെള്ള പദ്ധതി | 2 | 1000 | 120 | 1120 |
| 11 | വല്ലാറ്റിൽ ജംഗ്ഷൻ താച്ചയിൽ റോഡ് പുനരുദ്ധാരണം | 3 | 7500 | 900 | 8400 |
| 12 | വാരിയത്ത് ജംഗ്ഷൻ ചാങ്കൂർ ജംഗ്ഷൻ റോഡ് ഡബ്ല്യൂ എൽ.പി.എസ് പോർഷൻ ഇന്റർ ലോക്കിംഗ് | 2 | 1160 | 140 | 1300 |
| 13 | ചുനക്കര ഡബ്ല്യൂ എൽ.പി.എസ് ഓപ്പൺ ഓഡിറ്റോറിയം | 1 | 1598 | 192 | 1790 |
| 14 | സ്നേഹവീടിന് ചുറ്റുമതിൽ നിർമ്മാണം | 1 | 500 | 60 | 560 |
| 15 | ജി.യു.പി.എസ് ബിൽഡിംഗിന്റെ പെയിന്റിംഗും പുനരുദ്ധാരണവും | 2 | 1396 | 168 | 1564 |
| 16 | ചുനക്കര ക്ഷേത്രം വല്ലാറ്റിൽ ജംഗ്ഷൻ റോഡ് ഹൈസ്കൂൾ പോർഷൻ ഇന്റർ | 2 | 1600 | 192 | 1792 |

| | | | | | |
|---|---|---|---|---|---|
| | ലോക്കിംഗ് | | | | |
| 17 | വയോജനവാടിയ്ക്ക് ഓപ്പൺ ഓഡിറ്റോറിയം | 3 | 4752 | 618 | 5370 |
| 18 | പോലീസ് സ്റ്റേഷന് സമീപം കമ്മ്യൂണിറ്റി ടോയ്‌ലെറ്റ് | 2 | 3630 | 436 | 4066 |
| 19 | ആയുർവേദ ഹോസ്പിറ്റലിൽ സ്ത്രീ സൗഹൃദ ടോയ്‌ലെറ്റ് നിർമ്മാണം | 2 | 1855 | 223 | 2078 |
| 20 | ലാബാസ് ജംഗ്ഷൻ മറ്റത്ത് ജംഗ്ഷൻ റോഡ് പുനരുദ്ധാരണം | 1 | 2500 | 300 | 2800 |
| 21 | കല്ലുംപുറത്ത് ഈരിക്കൽ തറയിൽ റോഡ് റിടാറിംഗ് | 1 | 755 | 91 | 846 |
| 22 | ചുനക്കര വടക്ക് സബ് സെന്റർ മുതൽ അങ്കണവാടി വരെ റോഡ് റി ടാറിംഗ് | 1 | 969 | 116 | 1085 |
| 23 | കുറ്റിയിൽമുക്ക് കല്ലിൻ കുളം റോഡ് റി ടാറിംഗ് | 1 | 841 | 101 | 942 |
| 24 | ചാങ്കൂർ ജംഗ്ഷൻ കാവുള്ളതിൽ റോഡ് പുനരുദ്ധാരണം | 1 | 720 | 86 | 806 |
| 25 | കല്ലുംപുറത്ത് കൈലാസത്ത് റോഡ് സെക്കന്റ് റീച്ച് | 1 | 755 | 91 | 846 |
| 26 | പുത്തൻ ചന്ത റോഡ് റീ ടാറിംഗ് | 1 | 500 | 60 | 560 |
| 27 | മാപ്പിള വീട് താച്ചിൽ റോഡ് റീ ടാറിംഗ് | 1 | 810 | 97 | 907 |
| ആകെ | | | 41631 | | |

ടി തുക തിരികെ ഈടാക്കി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ വരവു വെയ്ക്കേണ്ടതാണ്.

### 1-13 തൊഴിൽ നികുതി ഈടാക്കുന്നില്ല

2018-19 ലെ തൊഴിൽ നികുതി രജിസ്റ്ററുകൾ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽപ്പെടുന്ന റേഷൻ വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിനു (നം: 14, തീയതി 07/03/2020) നല്കിയ മറുപടിയിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽപെടുന്ന റേഷൻ വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നു അറിയിച്ചിട്ടുണ്ട്.

ടി സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാക്കുന്ന ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ് .

### 1-14 പഞ്ചായത്തു വക കടമുറികളുടെ വാടക കുടിശ്ശിക ഈടാക്കാൻ നടപടിയില്ല

പഞ്ചായത്തു വക 17 കടമുറികൾ വാടകയ്ക്ക് നൽകിയതുമായി ബന്ധപ്പെട്ട് ഫയൽ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് വാടകക്കാരുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതായി കാണുന്നില്ല. വാടകയ്ക്ക് നൽകിയ കടമുറികളിൽ നിന്നും നിശ്ചിത സംഖ്യ വാടക ഈടാക്കുന്നുണ്ട്. എന്നാൽ വാടക എപ്രകാരമാണ്

നിശ്ചയിച്ചതെന്നും, ഇതു സംബന്ധിച്ച നിബന്ധനകൾ എന്തൊക്കെയെന്നും വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിനു (നം: 5,തീയതി 05/03/2020) നല്കിയ മറുപടിയിൽ വാടകക്കാരുമായി ഉണ്ടാക്കിയ കരാർ ഉടമ്പടി പഞ്ചായത്തിൽ ലഭ്യമല്ലെന്നു അറിയിച്ചിട്ടുണ്ട്.

പഞ്ചായത്തിന്റെ കടമുറികളിൽ 5-ാം നം. കടമുറി ഒഴിഞ്ഞു കിടക്കുന്നു. ഈ കടമുറിയുടെ വാടകക്കാരനായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള മുഹമ്മദ് മുസ്തഫ, ഒറ്റ തെങ്ങുംവിളയിൽ, ചുനക്കര എന്നയാൾ 2017/2018, 2018/2019 കാലയളവിൽ പഞ്ചായത്തുമായി കരാർ ചമച്ചിട്ടില്ല. രജിസ്റ്റർ പ്രകാരം 2017-18, 2018-19 വർഷങ്ങളിലെ വാടക യഥാക്രമം 858, 949 എന്നിങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വാടക പഞ്ചായത്തിൽ ഒടുക്കിയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. നിലവിൽ കടമുറി പൂട്ടികിടക്കുകയാണെങ്കിലും ഇത് ഏറ്റെടുക്കുന്നതിനോ ലേലം നടത്തി കടമുറി വാടകക്കു നൽകുന്നതിനോ, വാടകക്കാരനിൽ നിന്നും കുടിശ്ശിക ഈടാക്കുന്നതിനോ ഉള്ള നടപടി സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം: 5, തീയതി 05/03/2020) ലഭിച്ച മറുപടിയിൽ ഭരണസമിതി തീരുമാനങ്ങൾ ഒന്നും കൈക്കൊള്ളാത്തതിനാൽ ടിയാനെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിനോ കടമുറി പുനർലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനോ സാധിച്ചിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. രജിസ്റ്ററുകളിൽ വാടക ഒടുക്കു വരുത്തിയ വിവരം രേഖപ്പെടുത്താത്തതിനാൽ വാടക കുടിശ്ശിക എത്രയെന്ന് വ്യക്തമല്ല. കുടിശ്ശിക തുക കൃത്യപ്പെടുത്തി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. വാടകക്കാരനുമായി ശരിയായ രീതിയിൽ കരാർ വെയ്ക്കാത്തത് മൂലം കുടിശ്ശിക ഈടാക്കാൻ നിയമനടപടികൾ സാധ്യമാകാത്ത പക്ഷം കരാർ വെയ്ക്കുന്നതിന് വീഴ്ച വരുത്തിയ ജീവനക്കാരനിൽ നിന്നും തുക ഈടാക്കേണ്ടതാണ്.

## 1-15 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ വിസ്തൃതിക്കനുസൃതമായും, പ്രവേശനമാർഗ്ഗത്തിന്റെ അടിസ്ഥാനത്തിലും വസ്തുനികതി ചുമത്തിയില്ല- തനത് വരുമാന നഷ്ടം ഉണ്ടാകുന്നു

(a)തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.2011 ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011 /ത.സ്വ.ഭ.വ.യിലെ നിർദ്ദേശ പ്രകാരം 100 ച.മീറ്റർ വരെയുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 50/- രൂപയും, 100 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 60/- രൂപയും, 200 ച.മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യകെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 80/- രൂപയുമാണ് ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്തിരിക്കുന്നത്. എന്നാൽ ഓഡിറ്റ് പരിശോധനയിൽ താഴെപ്പറയുന്ന വാണിജ്യാവശ്യകെട്ടിടത്തിന് അവയുടെ ആകെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തിയിട്ടില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര് | കെട്ടിട നം., വാർഡ് | ആകെ തറ വിസ്തീർണ്ണം | ചുമത്തിയ വസ്തു നികുതി | ചുമത്തേണ്ട വസ്തുനികുതി | കുറവ് |
|---|---|---|---|---|---|
| അനിയൻകുഞ്ഞ് കാരൂർ വീട്ടിൽ കരിമുളയ്ക്കൽ | 428/B<br>115.98 $M^2$<br>(പാലൂത്തറ)<br>വാർഡ് 8 | 115.98 $M^2$ | @50/$m^2$<br>അടിസ്ഥാന വസ്തുനികുതി<br>5799<br>വർദ്ധനവ് 20% വഴി സൗകര്യം<br>1159<br>വസ്തുനികുതി<br>6959<br>ലൈ.സെസ്സ്-348 | @60/$m^2$<br>അടിസ്ഥാന വസ്തുനികുതി-6959<br>വർദ്ധനവ് 20% വഴി സൗകര്യം<br>1392<br>വസ്തുനികുതി 8351<br>ലൈ.സെസ്സ്-418 | വസ്തു നികുതി<br>1392<br>ലൈബ്രറി സെസ്സ്<br>70 |
| **വസ്തു നികുതി ഈടാക്കിയതിലുള്ള ആകെ കുറവ്** | | | | | **1462** |

(b)അടിസ്ഥാന വസ്തുനികുതിയിൻമേൽ വരുത്തേണ്ട ഇളവുകൾ, വർദ്ധനവുകൾ എന്നിവ സംബന്ധിച്ചും ഇതിന് അടിസ്ഥാനമാക്കേണ്ട ഘടകങ്ങൾ എന്തെല്ലാമാണെന്നത് സംബന്ധിച്ചും 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം-6 വ്യക്തമാക്കുന്നുണ്ട്. ഈ ചട്ടത്തിലെ പട്ടിക– 2 ന്റെ ക്രമ നം-1 ഇന പ്രകാരം അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ 20% വർദ്ധനവ് വരുത്തേണ്ടതുണ്ട്. എന്നാൽ ചുവടെ ചേർത്ത കെട്ടിടത്തിന്റെ നികുതിനിർണ്ണയം സംബന്ധിച്ച ഫയലിലെ *കംപ്ലീഷൻ പ്ലാൻ* പ്രകാരം കെട്ടിടത്തിന് അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗമുണ്ടായിരുന്നിട്ടും ബാധകമാക്കേണ്ട അടിസ്ഥാന വസ്തുനികുതിയിലെ വർദ്ധനവിൽ നിന്നും ഒഴിവാക്കപ്പെട്ടു.

| കെട്ടിട ഉടമയുടെ പേര് | കെട്ടിടത്തിന്റെ നമ്പർ | കെട്ടിടത്തിന്റെ തറവിസ്തീർണ്ണം | നിർണ്ണയിച്ച വസ്തുനികുതി | പുന:നിർണ്ണയിക്കേണ്ട വസ്തുനികുതി (വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് ഉൾപ്പെടെ) | വ്യത്യാസം |
|---|---|---|---|---|---|
| ഉത്തമൻ പിള്ള<br>തറയിൽ<br>ചുനക്കര<br>നോർത്ത് | 63/A<br>അമ്പല വാർഡ്-2 | 40.76 $M^2$ | @50/$m^2$<br>അടിസ്ഥാന വസ്തുനികുതി-2038<br>കുറവ്-10% -വഴി സൗകര്യം-204<br>വസ്തുനികുതി-1834<br>ലൈ.സെസ്സ്-92<br>ആകെ-1926 | @50/$m^2$<br>അടിസ്ഥാന വസ്തുനികുതി-2038<br>കൂടുതൽ-20% -വഴി സൗകര്യം-407.6<br>വസ്തുനികുതി-2446<br>ലൈ.സെസ്സ്-122<br>ആകെ-2568 | 612<br>30 |
| **വസ്തു നികുതി ഈടാക്കിയതിലെ കുറവ്** | | | | | **642** |

വസ്തുനികുതിയിൽ ഉണ്ടായ കുറവ് സംബന്ധിച്ച് 09.03.2020 തീയതിയിൽ നം. 16 ആയി ഓഡിറ്റ് എൻക്വയറിയിലൂടെ വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും ഗ്രാമപഞ്ചായത്ത് അധികൃതർ വിശദീകരണം ലഭ്യമാക്കുകയുണ്ടായില്ല. വസ്തു നികുതി ഇനം കണക്കാക്കിയതിലെ കുറവ് തുടർന്നുണ്ടാകുന്ന വർഷങ്ങളിൽ ഉണ്ടാകാതിരിക്കാൻ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകുന്നത് കാലോചിതമായി പരിഷ്കരിച്ചിട്ടില്ല

2018 ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും ആക്ട് നിലവിൽ വന്നതോടെ 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമങ്ങളിലെ " അപകടകരവും അസഹ്യവുമായ വ്യാപാരങ്ങളും ഫാക്ടറികളും " എന്ന പ്രയോഗം " ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും" എന്ന ഭേദഗതി ചെയ്യപ്പെട്ടു. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ രജിസ്റ്ററുകളും അപേക്ഷാ ഫോറങ്ങളും ഇപ്പോഴും പുതിയ ആക്ട് പ്രകാരം പരിഷ്കരിച്ച രീതിയിൽ ഉള്ളതല്ല, കാലഹരണപെട്ട D&O പ്രകാരമുള്ള അപേക്ഷകൾ ആണ് നല്കി വരുന്നത്. ഈ അപേക്ഷാ ഫോറങ്ങളിൽ ലൈസൻസിന് അപേക്ഷിക്കുന്ന സ്ഥാപന ഉടമകളോട് മൂലധന നിക്ഷേപത്തിന് പകരം D&O ലൈസൻസ് പ്രകാരമുള്ള ദിവസേനയുള്ള വിറ്റുവരവ് ആണ് ആരായുന്നത്. ഇതുമൂലം ഭേദഗതി ചെയ്യപ്പെട്ട നിയമത്തിന് അനുസൃതമായി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് തിട്ടപ്പെടുത്തുന്നതിന് പഞ്ചായത്തിന് സാധിക്കുന്നില്ല. നാളിതുവരെയും പഞ്ചായത്ത് പരിധിക്കുള്ളിലെ റേഷൻ

കടകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല, ഇത് പഞ്ചായത്തിന്റെ തനതു വരുമാനത്തിൽ കുറവുണ്ടാക്കുന്നു.

മേൽ സൂചിപ്പിച്ച അപാകതകൾക്കു വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിനു (നം: 11,തീയതി 07/03/2020) ലഭിച്ച മറുപടിയിൽ പുതിയ രീതിയിലുള്ള ലൈസൻസ് രജിസ്റ്ററുകളും അപേക്ഷാഫോറവും ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും ലഭ്യമാക്കിയിട്ടില്ല എന്നും ലഭ്യമാകുന്ന മുറക്ക് തുടർന്നുള്ള വർഷങ്ങളിൽ ന്യൂനത പരിഹരിച്ചുകൊള്ളാം എന്നും അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിലെ റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നതായും അറിയിച്ചു. പുതുക്കിയ നിയമപ്രകാരമുള്ള രജിസ്റ്ററുകളും, ഫാറങ്ങളും ഉപയോഗിക്കുന്നതിനും മൂലധന നിക്ഷേപത്തിന് അനുസൃതമായി ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

### 1-17 സൈറ്റ് ഏറ്റെടുത്തതിൽ കാലതാമസം - നിയമാനുസൃത പിഴ ഈടാക്കിയില്ല

2012 ലെ പി ഡബ്ല്യൂ.ഡി. മാനുവൽ 2009.6 പ്രകാരം പൊതുമരാമത്ത് പ്രവൃത്തികളിൽ കരാറുകാരൻ സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസം പിഴക്കൂടാതെയും,14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം പി.എ.സിയുടെ 1% പിഴ (മിനിമം 1000/-രൂപ പരമാവധി 25000/- രൂപ) ഈടാക്കിയും കരാറുടമ്പടി വെയ്ക്കാം. 14 ദിവസവും പിഴയോട് കൂടിയ 10 ദിവസവും കഴിഞ്ഞ് കരാറുടമ്പടി വെയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കണം. ഇ.എം.ഡി കണ്ട് കെട്ടി ടെന്റർ നിബന്ധനകളിലെ തുടർ നടപടികൾ സ്വീകരിക്കണം. തുടർന്ന് തൊട്ടടുത്ത കരാറുകാരനോട് ഇതേ നിരക്കിലും നിബന്ധനയിലും കരാറേറ്റെടുക്കാമോയെന്ന് നെഗോഷ്യേററ് ചെയ്യണം. ഇത് സാദ്ധ്യമല്ലെങ്കിൽ റീ ടെന്റർ ചെയ്യണം. എന്നാൽ താഴെപറയുന്ന മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ കാലതാമസമുണ്ടായെങ്കിലും മേൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അനേഷണം (15/09.03.2020) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതിനാൽ കരാർ വെയ്ക്കാനുണ്ടായ കാലതാമസത്തിന് കരാറുകാരിൽ നിന്ന് 1% പിഴ ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റിന്റെ പേര്, നം. കരാറുകാരന്റെ പേര്. എം.ബുക്ക്.നം. | എഗ്രീഡ് പി.എ.സി | സെലക്ഷൻ നോട്ടീസ് നൽകിയ തീയതി | കരാർ വെയ്ക്കേണ്ടിയിരുന്ന തീയതി | കരാർ വെച്ച തീയതി | ഈടാക്കേണ്ട പിഴ | തുക ചെലവഴിച്ചതിന്റെ വിവരങ്ങൾ |
|---|---|---|---|---|---|---|---|
| 1 | മെറ്റീരിയൽ കളക്ഷൻ സെന്റർ, 215/18-19 85/18-19 | 738641 | 14.11.18 | 08.12.18 | 21.12.18 | 7386 | 734516 (ചെക്ക് നം. 1404625/29.3.19) |
| 2 | വല്ലാറ്റിൽ ജംഗ്ഷൻ - താച്ചയിൽ റോഡ് പുനരുദ്ധാരണം (S083/19) എം.ബുക്ക് നം.88/18-19 | 1349827 | 14.11.18 | 08.12.18 | 21.12.18 | 13498 | ക്യൂ ബിൽ (2019-20 ൽ തുക ചെലവഴിച്ചിട്ടില്ല) |

### 1-18 ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| ക്രമ നം. | പ്രോജക്ടിന്റെ പേര്, നം. | ചെലവഴിച്ച തുക | ബിൽ നം./തീയതി |
|---|---|---|---|
| 1 | പെല്ലത്ത് മുക്ക് മിനി വാട്ടർ സപ്ലൈ സ്കീം, S0101/19 | 499992 | 50/25.2.18 -100000/-<br>ചെക്ക് നം. 0917042/ 27.2.19-349992/- |
| 2 | വലിയവിള കോളനി കുടിവെള്ള പദ്ധതി മെയിന്റനൻസ്, S0146/19 | 67237 | 9/22.5.18 |
| 3 | വിളയിൽകോളനി കുടിവെള്ളപദ്ധതി പൂർത്തീകരണം, S0160/19 | 232427 | 3/22.5.18 |
| 4 | പ്ലാസ്റ്റിക് കളക്ഷൻ സെന്റർ നിർമ്മാണം, S0159/19 | 495829 | 39/30.10.18-200000/-<br>ചെക്ക് നം. 2763507/ 31.3.19 – 295829/- |
| ആകെ | | 1295485 | |

മേൽ ഫയലുകൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (നം.13/7.3.2020) നൽകിയതിന് പ്രവൃത്തികളുമായി ബന്ധപ്പെട്ട ഫയലുകൾ ബിൽ മാറുന്നതിന്റെ ഭാഗമായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ ഹാജരാക്കിയിരിക്കുകയാണ് എന്ന് മറുപടി നൽകി. ഫയലുകൾ ഹാജരാക്കാതിരുന്ന സാഹചര്യത്തിൽ 1295485/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഫയലുകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്..

### 1-19 വെട്ടിക്കോട് ചാൽ നവീകരണം -വേണ്ടത്ര പരിശോധനകൾ നടത്താതെ നിർമ്മാണം നടത്തി- ബണ്ട് തകർന്നു

ഗ്രാമപഞ്ചായത്തിന്റെ പ്രധാന ജല വിഭവ സ്രോതസ്സുകളിൽ ഒന്നായ വെട്ടിക്കോട് ചാൽ സംരക്ഷിക്കുന്നതിന്റെ ഭാഗമായി 2017-18 വർഷം ജില്ലാ പഞ്ചാത്ത് നടപ്പാക്കിയ ഹരിതകേരളം വെട്ടിക്കോട് ചാൽ നവീകരണം (S0800/18) പദ്ധതി പ്രകാരം ജില്ലാ പഞ്ചായത്ത് വിഹിതമായി 25,00,000/-രൂപ ലഭിച്ചിരുന്നു. ജില്ലാ ടൂറിസം വകുപ്പിന്റെ സ്വപ്ന പദ്ധതികളിൽ ഒന്നായ ഈ പദ്ധതി നാളിതുവരെ പൂർത്തീകരിക്കപ്പെട്ടിട്ടില്ല. ഓഡിറ്റ് വർഷവും വെട്ടിക്കോട് ചാൽ നവീകരണം (S0210/19) പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്ത് വിഹിതം 40,00,000/- രൂപ വകയിരുത്തിയിരുന്നു. എന്നാൽ നാളിതുവരെ പദ്ധതിയ്ക്കായി തുകയൊന്നും ചെലവഴിക്കപ്പെട്ടിട്ടില്ല. ചാൽ നവീകരണം പൂർത്തീകരിക്കപ്പെടാ തിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടും ചാലിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ചും നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/07.03.20) അസിസ്റ്റന്റ് എഞ്ചിനീയർ ഹാജരാക്കിയ

മറുപടിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

"വെട്ടിക്കോട് ചാൽ നിലവിൽ ആഴം കൂട്ടി പകുതി ഭാഗം മണ്ണ് കരയിലേക്ക് കയറ്റിയിട്ടുണ്ട്. ബാക്കി ഭാഗം ഇപ്പോഴും ചാലിന്റെ നടുക്ക് കൂട്ടിയിട്ടിരിക്കുകയാണ്. ചാലിന്റെ മൂന്ന് ഭാഗം കല്ല് കെട്ടേണ്ടതായിട്ടുണ്ടായിരുന്നു. പടിഞ്ഞാറ് ഭാഗം ഫൗണ്ടേഷൻ പണി പൂർത്തീകരിച്ചിരുന്നു. ചാലിന്റെ മണ്ണ് മാറ്റി ആഴം കൂട്ടുന്ന സമയത്ത് കിഴക്ക് ഭാഗത്തുള്ള കൽ കെട്ട് ഇടിഞ്ഞ് താഴ്ന്ന് പോയിട്ടുണ്ട്. ഇതിന് ശേഷം CET (college of Engineering Thiruvananthapuram) യിലെ ജിയോ ടെക്നിക്കൽ ഇൻവെസ്റ്റിഗേഷൻ നടത്തിയതിന്റെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. അതിൻ പ്രകാരം മണ്ണിന്റെ ബെയറിംഗ് കപ്പാസിറ്റി തീരെ കുറവാണ്. 8 മീറ്റർ ആഴത്തിൽ മാത്രമേ മണ്ണിന്റെ ഉറപ്പുള്ള പാളി ലഭ്യമായിയുള്ളൂ. ആയതിനാൽ CET യുടെ സ്ട്രക്ചറൽ ഡിസൈൻ ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്" എന്ന് മറുപടി നൽകി. മണ്ണിന്റെ ഉറപ്പ് സംബന്ധിച്ച് വേണ്ടത്ര പരിശോധനകൾ നടത്താതെ നിർമ്മാണം നടത്തിയതാണ് കൽകെട്ട് ഇടിഞ്ഞുവീഴാൻ ഇടയായത്. ഇപ്രകാരമുള്ള വീഴ്ചകൾ ഒഴിവാക്കണം .ചാൽ നിവീകരണം പൂർത്തീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-20 മാരാമത്ത് പ്രവൃത്തികൾ നടപ്പാക്കിയതിലെയും രേഖകൾ സൂക്ഷിച്ചതിലെയും പൊതുവായ അപാകതകൾ

വിവിധ മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷിച്ചതിലും നടപ്പാക്കിയതിലും താഴെ ചേർത്തിട്ടുള്ള അപാകതകൾ നിലനിൽക്കുന്നു.

1) 2012 ലെ പി ഡബ്ല്യൂ.ഡി. മാനുവൽ സെക്ഷൻ 2009.6 പ്രകാരം ടെന്റർ സ്വീകരിച്ച് 7 ദിവസത്തിനകമോ ഫേം പീരിയഡിനകമോ ടെന്റർ സ്വീകരിച്ചതായുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ഇപ്രകാരം സെലക്ഷൻ നോട്ടീസ് കിട്ടി 14 ദിവസങ്ങൾക്കുള്ളിൽ കരാർ ചമയ്ക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനുള്ളിൽ 1% പിഴ ഈടാക്കി കരാർ ചമയ്ക്കാവുന്നതാണ്. എന്നാൽ താഴെ ചേർത്തിട്ടുള്ള പ്രവൃത്തികളുടെ ഫയലിൽ കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകിയതിന്റെയോ കരാറിൽ ഏർപ്പെട്ടതിന്റെയോ രേഖകൾ സൂക്ഷിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ചതായി അപ്പൻഡിക്സ് 2100 G ഫോമിലുള്ള സർട്ടിഫിക്കറ്റ് ഓഫ് കംപ്ലീഷൻ ഓഫ് വർക്ക് മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്.

| പ്രവൃത്തിയുടെ പേര്, പ്രോജക്ട് നമ്പർ | ചെലവഴിച്ച തുക | കരാറുകാരൻ |
|---|---|---|
| സാംസ്കാരിക നിലയം മെയിന്റനൻസ് പൂർത്തീകരണം (S0153/19) | 426583 | ബഷീർ.റ്റി |
| പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ട് വാൾ (S0162/19) | 276451 | പങ്കജാക്ഷൻ.പി |
| കുഴിയത്ത് റോഡ് നിർമ്മാണം (S0134/19) | 637499 | ഷാജഹാൻ. ഇ |
| പഞ്ചായത്ത് ഓഫീസ് അധിക സൗകര്യ നിർമ്മിതി പൂർത്തീകരണം(S0171/19) | 386400 | ബഷീർ. റ്റി |

നിയമപ്രകാരമുള്ള രേഖകൾ ഫയലിൽ സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2) എം.സി.എഫ് നിർമ്മാണം (S0215/19) പ്രോജക്ട് പ്രകാരം കരിമുളയ്ക്കലിൽ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ നിർമ്മിച്ചതിന്റെ ആകെ പ്രവൃത്തി മൂല്യം (എം.ബുക്ക് നം. 85/18-19 പ്രകാരം) 7,34,516/- രൂപയാണ്. എന്നാൽ ആകെ പ്രവൃത്തി മൂല്യത്തിൽ നിന്ന് നികുതികളും മറ്റ് കിഴിവുകളും കുറവ് വരുത്തി എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. നികുതി നികുതിയേതര തുകകൾ കഴിച്ച് കരാറുകാരന് നൽകേണ്ട തുക കൃത്യമായി എം.ബുക്കിൽ രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.
3) സെലക്ഷൻ നോട്ടീസ് കരാറുകാർ ഒപ്പിട്ട് വാങ്ങിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

## 1-21 "വയോജനവാടി"ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിൽ അധികൃതർ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല

2018-19 സാമ്പത്തികവർഷം ഐ.സി.ഡി.എസ്. നടപ്പിലാക്കിയ പദ്ധതിയായിരുന്നു "വയോജനവാടി"ക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ. പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 144/18-19 |
| തനത് ഫണ്ട് വകയിരുത്തിയത് | 500000 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം വകയിരുത്തിയത് | 45000 |

| | |
|---|---|
| | |
| ചെലവ് | 399031 |
| ചെക്ക് നമ്പർ /തീയതി | 0917041/08.02.2019 |

കേരള സ്റ്റേറ്റ് അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും 2,58,630/- രൂപയുടെ സാധന സാമഗ്രികളും, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കൊയർ മാർക്കറ്റിങ്ങ് ഫെഡറേഷനിൽ നിന്നും 48,172/- രൂപയുടെ കയറുല്പന്നങ്ങളും വയോജനവാടിക്കുവേണ്ടി വാങ്ങുകയുണ്ടായി. എന്നാൽ പ്രധാന ഭൗതിക അപര്യാപ്തത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അധികൃതർക്ക് നാളിതുവരെ സാധിച്ചിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

വയോജനവാടിയിൽ 25 വയോജനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും 20 പേരോളം ദിവസവും എത്തിച്ചേരുകയും ചെയ്യുന്നുണ്ടെന്നാണ് വ്യക്തമാക്കപ്പെട്ടിട്ടുള്ളത്. വയോജനങ്ങൾ ദിവസവും രാവിലെ സ്ഥാപനത്തിൽ എത്തിച്ചേരുകയും പകൽസമയം ചെലവഴിച്ചതിനുശേഷം വൈകുന്നേരം സ്വന്തം വീട്ടുകളിലേക്ക് മടങ്ങുകയും ചെയ്യുന്നു.

ഗ്രാമപഞ്ചായത്തിന്റെ നാലാം വാർഡിൽ സ്ഥിതിചെയ്യുന്ന വയോജനവാടിയ്ക്ക് അടച്ചുപൂട്ടുന്നതിനുള്ള സംവിധാനങ്ങളില്ല. ചുറ്റുമതിലോ, ചുറ്റുവേലികളോ ഒന്നും ഇല്ലാതെ സദാസമയവും തുറന്നുകിടക്കുന്ന അവസ്ഥയാണ് നിലവിലുള്ളത്. കാവൽക്കാരൻപോലും ഇല്ലാത്ത സാഹചര്യത്തിൽ തെരുവുനായ്ക്കൾക്കും, സാമൂഹ്യവിരുദ്ധർക്കും രാത്രികാലങ്ങളിൽ താവളമാക്കുന്നതിന് ഇത് സാഹചര്യമൊരുക്കുന്നതാണ്. ഇങ്ങനെയുള്ള സാഹചര്യം മാറ്റുന്നതിന് നാളിതുവരെ ഒരു നടപടിയും അധികൃതർ സ്വീകരിച്ചിട്ടില്ല.

"വയോജനവാടിയുടെ " മറ്റൊരു പ്രധാന പ്രശ്നം സ്ഥല പരിമിതിയാണ്. ഇതുകാരണം വാങ്ങിക്കൂട്ടിയ കട്ടിലുകളും, കസേരകളിലും കുറച്ചെണ്ണം നിലവിൽ സൂക്ഷിക്കുന്നത് ഇതിന് സമീപമുള്ള "സ്നേഹ വീട്" എന്ന പേരിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിലാണ്."സ്നേഹ വീട്" മറ്റൊരു ട്രസ്റ്റിന്റെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ്. ഇതിന് വയോജനവാടിയുമായി യാതൊരു ബന്ധവും ഇല്ല. സ്ഥലപരിമിതിയ്ക്ക് പരിഹാരം കാണാതെ വയോജനവാടിയിൽ ഉൾക്കൊള്ളാൻ പറ്റുന്നതിലും അധികം സാധനസാമഗ്രികൾ വാങ്ങിക്കൂട്ടിയതും ഉചിതമായ നടപടിയല്ല. ഉപകരണങ്ങളെ ഉൾക്കൊള്ളിക്കുന്നതിനും, ചുറ്റുമതിൽ പണിയുന്നതിനുമുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

### 1-22 സമഗ്ര നെൽക്കൃഷി- അധികമായി നൽകിയ 25,732/- രൂപയുടെ കൂലിച്ചെലവ് നിരാകരിക്കുന്നു

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 13/18-19 |
| പദ്ധതിയുടെ പേര് | സമഗ്രനെൽക്കൃഷി വികസനം |
| വികസനഫണ്ട് | 1634500 |
| ബ്ലോക്ക് വിഹിതം | 1838260 |
| ജില്ലാപഞ്ചായത്ത് വിഹിതം | 906932 |

| ചെലവ് | | |
|---|---|---|
| ബിൽ നമ്പർ-2/18-19 | 30.10.18 | 197895 |
| ബിൽ നമ്പർ-4/18-19 | 30.11.18 | 123000 |
| ബിൽ നമ്പർ-5/18-19 | 31.12.18 | 188400 |
| ബിൽ നമ്പർ-6/18-19 | 31.12.18 | 237596 |
| ബിൽ നമ്പർ-7/18-19 | 31.12.18 | 188783 |
| ബിൽ നമ്പർ-8/18-19 | 31.12.18 | 182826 |
| ബിൽ നമ്പർ-9/18-19 | 31.12.18 | 70831 |
| ബിൽ നമ്പർ-13/18-19 | 11.02.19 | 188400 |
| ആകെ | | 1377731 |

2018-19 സാമ്പത്തികവർഷം കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതിയായിരുന്നു സമഗ്ര നെൽകൃഷി. പ്രസ്തുത പദ്ധതിക്കായി കൂലിച്ചെലവ് നൽകിയപ്പോൾ രണ്ട് കർഷകർക്ക് കൂലി ചെലവ് ഇനത്തിൽ സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള നിരക്കിനേക്കാൾ അധികമായി തുക അനുവദിച്ച് നല്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കർഷകന്റെ പേര് വിവരം | കൃഷി ചെയ്ത ഭൂമി (സെന്റിൽ) | നൽകിയ തുക | നല്കാവുന്ന തുക | സബ്സിഡിയിൽ അധികരിച്ച തുക |
|---|---|---|---|---|---|
| 1 | സുലേഖ.എ<br>കൊച്ചയ്യത്ത് ലക്ഷം വീട്<br>ചുനക്കര നടുവിൽ<br>(അപേക്ഷ നം-22) | 120 | 15987 | 8160 | 7827 |

| | | | | | |
|---|---|---|---|---|---|
| 2 | ഉഷാകുമാരി<br>അഞ്ജലി, ചുനക്കര<br>(അപേക്ഷ നം-70) | 110 | 25385 | 7480 | 17905 |
| **ആകെ** | | | | | **25732** |

സർക്കാർ ഉത്തരവ് (കൈ) നം.22/2018 ത.സ്വ.ഭ.വ.തിരുവനന്തപുരം തീയതി. 14.02.2018 ലെ സബ്സിഡി മാർഗ്ഗരേഖയിലെ 7.1.13 ഉത്തരവ് പ്രകാരം ഒരു ഹെക്ടർ കൃഷി ഭൂമിക്ക് 17000/- രൂപ കൂലിച്ചെലവ് ഇനത്തിൽ സബ്സിഡിയായി നല്കാവുന്നതാണ്. മേൽപ്പറയുന്ന രണ്ട് അപേക്ഷകർക്കും കൂലിച്ചെലവ് തുകയിൽ അധികമായി നല്കുകയുണ്ടായി.

ക്രമ നമ്പർ 1 ലെ അപേക്ഷകൻ 120 സെന്റ് നിലം നെൽകൃഷി ചെയ്യുന്നതിനുള്ള കൂലിച്ചെലവ് സബ്സിഡി തുക ആവശ്യപ്പെട്ടാണ് അപേക്ഷ നൽകിയത്. അപേക്ഷകനാകട്ടെ കരം അടച്ച രസീതും ഹാജരാക്കിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖപ്രകാരം 120 സെന്റ് കൃഷി ഭൂമിയ്ക്ക് നല്കാവുന്ന പരമാവധി തുക 8,160/- രൂപയാണ് എന്നിരിക്കെ 15,987/- രൂപ കൂലിച്ചെലവിനായി അനുവദിച്ചത് അംഗീകരിക്കാനാവില്ല.

ക്രമനമ്പർ 2 ലെ അപേക്ഷകൻ 110 സെന്റ് സ്ഥലത്തിന്റെ കരം ഒടുക്കിയ രസീത് ഹാജരാക്കി കൂലിച്ചെലവ് സബ്സിഡിയ്ക്ക് അപേക്ഷ നൽകി. ടിയാൾക്ക് കൂലിച്ചെലവ് സബ്സിഡി ഇനത്തിൽ 25,385/- രൂപ അനുവദിച്ച് നല്കുകയുണ്ടായി. യഥാർത്ഥത്തിൽ അപേക്ഷകന് നൽകാവുന്ന പരമാവധി തുക 7,480/- മാത്രമാണ്. പ്രസ്തുത വിഷയത്തിന്മേൽ 06.03.2020 ൽ ഓഡിറ്റ് എൻക്വയറി നമ്പർ 9 മുഖേന വിശദീകരണം ആവശ്യപ്പെട്ടെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ഹാജരാക്കുകയുണ്ടായില്ല.

രണ്ട് അപേക്ഷകളിലൂടെ അപേക്ഷകർക്കായി 25,732/- രൂപ അധികമായി നൽകുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെയും, ബ്ലോക്ക് പഞ്ചായത്തിന്റെയും, ജില്ലാ പഞ്ചായത്തിന്റെയും വിഹിതത്തിൽ നിന്നുള്ള തുകകൾ ആനുപാതികമായി വകയിരുത്തിയാണ് തുക നൽകിയത്. മാർഗ്ഗരേഖകൾക്ക് വിരുദ്ധമായി ഇത്തരത്തിൽ അധികമായി ചെലവഴിച്ച തുക ഓഡിറ്റ് നിരാകരിക്കുന്നു. നിരാകരിച്ച 25,732/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നു.

## 1-23 കാർഷിക മേഖലകളിൽ നടത്തിയ പദ്ധതികളിലെ അപാകതകൾ

2018-19 വർഷം കാർഷിക വികസനം ലക്ഷ്യമാക്കി താഴെപ്പറയുന്ന പദ്ധതികൾ കൃഷി ഓഫീസർ നടപ്പിലാക്കി.

| പ്രോജക്ടിന്റെ പേര് | ബിൽ നമ്പർ | തീയതി | തുക | ഫണ്ടിനം |
|---|---|---|---|---|
| വാഴക്കൃഷി വികസനം | 3/18-19 | 30.11.18 | 315000 | വികസന ഫണ്ട് |
| | 14/18-19 | 16.03.19 | 93750 | |
| | 15/18-19 | 16.03.19 | 50250 | |
| | 16/18-19 | 16.03.19 | 21000 | |
| | 17/18-19 | 16.03.19 | 3750 | |
| ആകെ | | | 483750 | |
| ഇടവിളക്കൃഷി വികസനം | 10/18-19 | 14.03.19 | 300000 | വികസനഫണ്ട് |
| | 11/18-19 | 14.03.19 | 250000 | |
| ആകെ | | | 550000 | |

| | | | | |
|---|---|---|---|---|
| കുറ്റിക്കുരുമുളക് വികസനം | 22/18-19 | 14.03.19 | 160000 | വികസനഫണ്ട് |

പ്രസ്തുത പദ്ധതികളുടെ ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാതകകൾ ചുവടെ ചേർക്കുന്നു.

**(1) വാഴക്കൃഷി വികസനം**

കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും യൂണിറ്റ് ഒന്നിന് 14/- രൂപ നിരക്കിൽ തുക ചെലവഴിച്ചാണ് വാഴ വിത്തുകൾ വാങ്ങിയത്. വാങ്ങിയ വാഴവിത്തുകൾ സ്റ്റോക്കിലെടുത്തിട്ടില്ല. ഇവ 450 ഗുണഭോക്താക്കൾക്കായി വിതരണം നടത്തിയതിന്റെ രേഖപ്പെടുത്തലുകൾ വരുത്തി വിതരണ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കുകയുണ്ടായി. ഗുണഭോക്താക്കളുടെ പേരും, വിലാസവും, കൈയ്യൊപ്പും രജിസ്റ്ററിൽ പതിപ്പിച്ചിട്ടുണ്ടെങ്കിലും ഏജൻസിയിൽ നിന്നും ആകെ വാങ്ങിയ വാഴവിത്തുകളുടെ എണ്ണത്തെ സംബന്ധിച്ചും, ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയവയുടെ എണ്ണത്തെ സംബന്ധിച്ചുമുള്ള കണക്കുകൾ ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ വാങ്ങിയതിന്റെയും, വിതരണം നടത്തിയതിന്റെയും എണ്ണത്തിന്റെ കൃത്യത ബോധ്യപ്പെടാൻ കഴിഞ്ഞില്ല. അപാതക പരിഹരിക്കുംവരെ വാഴക്കൃഷിക്കായി ചെലവഴിച്ച 4,83,750/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. വാങ്ങിയ വിത്തുകളുടെ സ്റ്റോക്ക് വിവരം, വിതരണ വിവരം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

**(2) ഇടവിളക്കൃഷി**

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 25.07.18 ലെ അടിയന്തിര മീറ്റിങ്ങിലെ 1(1) നമ്പർ തീരുമാനപ്രകാരം കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും ഇടവിളക്കിറ്റ് വാങ്ങാൻ തീരുമാനമെടുത്തു. 1000/- രൂപ നിരക്കിൽ 550 എണ്ണം ഇടവിളക്കിറ്റാണ് പദ്ധതിയ്ക്കായി വാങ്ങിയത്.

ഓരോ യൂണിറ്റ് ഇടവിളക്കിറ്റിൽ എന്തൊക്കെ ഇനം നടീൽ വസ്തുക്കളാണ് ഉൾപ്പെടുത്തേണ്ടത്, അവയുടെ അളവ്, തൂക്കം എന്നിവയെ സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥ ഇൻഡന്റ് തയ്യാറാക്കി വിതരണ ഏജൻസിയ്ക്ക് കൈമാറിയതായിട്ടുള്ള രേഖകൾ ഫയലിൽ ലഭ്യമല്ല. വിതരണ ഏജൻസി ഒരു യൂണിറ്റ് ഇടവിളക്കിറ്റിൽ ഏതൊക്കെ ഇനം നടീൽ വസ്തുക്കളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന വിശദാംശം ബില്ലിൽ രേഖപ്പെടുത്തിയിട്ടുമില്ല. ഏതൊക്കെ ഇനം നടീൽ വസ്തുക്കളാണ് കിറ്റിലുള്ളതെന്ന വിവരം രേഖപ്പെടുത്താതെയും അവയുടെ ഇനം തിരിച്ചുള്ള അളവ് രേഖപ്പെടുത്താതെയും ഓരോ ഇനത്തിന്റെയും വില നിശ്ചയിക്കാതെയും 550 ഇടവിളക്കിറ്റുകൾ വാങ്ങി 550 ഗുണഭോക്താക്കൾക്ക് നൽകുകയുമാണുണ്ടായത്. ഈ നടപടി പദ്ധതി നിർവ്വഹണത്തിന്റെ സുതാര്യത ഇല്ലാതാക്കുന്നു.

**(3) കുറ്റി കുരുമുളക് കൃഷി വികസനം**

ഒരു യൂണിറ്റിന് 400/- നിരക്കിൽ 400 യൂണിറ്റ് കുറ്റിക്കുരുമുളക് ചെടികൾ പദ്ധതിയ്ക്കായി അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും വാങ്ങുകയുണ്ടായി.

താഴെപ്പറയുന്ന ഗുണഭോക്താക്കളിൽ നിന്നും അപേക്ഷയോടൊപ്പം അനുബന്ധരേഖകളായ കരം അടച്ച രസീത്, പാട്ട രസീത്, തിരിച്ചറിയൽ രേഖ, കൃഷി സ്ഥലത്തിന്റെ വിസ്തൃതി എന്നിവയുടെ രേഖകളോ, വിശദാംശങ്ങളോ സ്വീകരിക്കാതെ അപൂർണ്ണമായി എഴുതി തയ്യാറാക്കിയ അപേക്ഷയുടെ മാത്രം അടിസ്ഥാനത്തിൽ കുരുമുളക് ചെടികൾ വിതരണം നടത്തുകയുണ്ടായി. അത്തരത്തിലുള്ള അപേക്ഷകരുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | അപേക്ഷകരുടെ പേരും, വിലാസവും |
|---|---|
| 1 | സരസമ്മ, അഞ്ജലി ഭവനം, ചുനക്കര |
| 2 | തങ്കമ്മ, കുന്നിൽ ഹൗസ്, ചുനക്കര |

| | |
|---|---|
| 3 | സന്ധ്യ, ശ്രീശൈലം, കോമല്ലൂർ |
| 4 | ഭാർഗ്ഗവിയമ്മ, പുത്തൻ വീട്ടിൽ തെക്കേതിൽ, കോമല്ലൂർ |
| 5 | വിജയമ്മ,സജിത് ഭവനം, ചുനക്കര |
| 6 | രാജി,അക്ഷയശ്രീ, ചുനക്കര |
| 7 | രമാദേവി, ശ്രീശൈലം, ചുനക്കര |
| 8 | സുമിത്രാദേവി.എസ്, ചിറക്കരവടക്കേതിൽ, ചുനക്കര |

അപേക്ഷകരുടെ കൈയ്യിൽ നിന്നും അർഹതാ രേഖകൾ വാങ്ങി സൂക്ഷിക്കാതെയാണ് ഗുണഭോക്താക്കൾക്ക് കുരുമുളക് തൈകൾ വിതരണം നടത്തിയത്.

മേൽ സൂചിപ്പിച്ച അപാകങ്ങളിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.10/06.03.19) നൽകിയെങ്കിലും നിർവ്വഹണാധികാരി മറുപടി നൽകിയില്ല. പരാമർശത്തിൽ പ്രതിപാദിക്കുന്ന രേഖകൾ ഗുണഭോക്താക്കളിൽ നിന്നും സ്വീകരിക്കാതിരുന്നതിനാൽ അർഹരായ ഗുണഭോക്താക്കൾക്ക് തന്നെയാണോ ആനുകൂല്യം നൽകിയത് എന്ന് തീർച്ചപ്പെടുത്താനാവില്ല. അപാകങ്ങളിൽമേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 1-24 വിവിധ സ്ഥാപനങ്ങൾക്ക് നൽകിയ തുകകളുടെ വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി താഴെ പറയുന്ന നിക്ഷേപ പ്രവർത്തികൾക്കായി വിവിധ നിർവ്വഹണ ഏജൻസികളിൽ തുകനിക്ഷേപിച്ചിരുന്നെങ്കിലും തുക ചെലവഴിച്ചതായുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര്, നം. | ചെലവ് വിവരങ്ങൾ ബിൽ നമ്പർ/ചെക്ക് നമ്പർ | തുക | തുക കൈപ്പറ്റിയ സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|---|
| 1 | കരിമുളയ്ക്കൽ - 33 -ാം നമ്പർ അങ്കണവാടി കെട്ടിട നിർമ്മാണത്തിന് | 12/28.11.18-578000/- വൗച്ചർ നം. 21800800/ 16.1.19 -2000/- | 580000 | പി.ഡബ്ല്യൂ. ഡി കെട്ടിട വിഭാഗം | 578000/- രൂപ മാത്രമാണ് വകയിരുത്തിയിരുന്നതെങ്കിലും പ്രോജക്ട് റിവൈസ് ചെയ്യാതെ 2000/- രൂപ തനത് ഫണ്ടിൽ നിന്ന് |

| | | | | | |
|---|---|---|---|---|---|
| | പഞ്ചായത്ത് വിഹിതം. S0221/19 | | | | ചെലവഴിച്ചിട്ടുണ്ട്. |
| 2 | വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ, S0222/19 | ചെക്ക് നം. 2788281/4.12.18 | 75683 | കെ.എസ്. ഇ.ബി, ചാരുംമൂട് | |
| 3 | പൊതു ശ്മശാനത്തിന് പഞ്ചായത്ത് വിഹിതം നൽകൽ, S00137/19 | 16/16.01.19 | 200000 | ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് | |
| ആകെ | | | 855683 | | |

മേൽ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (നം. 4/2.3.2020) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ 855683/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ക്രമ നമ്പർ 1 പ്രോജക്ട് പ്രകാരം 578000/- രൂപ മാത്രമാണ് വകയിരുത്തിയിരുന്നത്. എന്നാൽ പ്രോജക്ട് റിവൈസ് ചെയ്യാതെ 2000/- രൂപ തനത് ഫണ്ടിൽ നിന്ന് കൂടി ചെലവഴിച്ചു. പ്രോജക്ടിൽ തനത് ഫണ്ട് വകയിരുത്താതെ തുക ചെലവഴിച്ചത് ക്രമരഹിതമായ നടപടിയാണ്. സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി തുക ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. കരിമുളയ്ക്കൽ- പഞ്ചായത്ത് കിണർ ജംഗ്ഷൻ മുതൽ വി.എസ്.കോട്ടേജ് ജംഗ്ഷൻ വരെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (S0139/19) പ്രോജക്ട് പ്രകാരം 160000/- രൂപ (ബിൽ നം.19/25.1.19) ധനകാര്യ കമ്മീഷൻ ഗ്രാന്റ് പിൻവലിച്ച് വാട്ടർ അതോറിറ്റി ആലപ്പുഴയിൽ നിക്ഷേപിച്ചിരുന്നു. നിക്ഷേപിച്ച തുകയിൽ 154230/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിരുന്നു. അവശേഷിക്കുന്ന 5770/- രൂപ 28.1.2020 ൽ ജില്ലാസഹകരണ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ഈ തുക തിരികെ സർക്കാരിലേക്ക് അടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 ലൈഫ് ഭവനപദ്ധതി-അനുവദനീയമായതിലും അധികം ചെലവു ചെയ്തു

പ്രോജക്ട്നം.57

അടങ്കൽ തുക.12000000

ചെലവുതുക.7180000

എസ്.സി ഗുണഭോക്താക്കൾക്കായുള്ള ലൈഫ് ഭവനനിർമ്മാണ പദ്ധതിയിൽ അനുവദനീയമായ തുക 4,00,000/- രൂപയാണ്. എന്നാൽ താഴെ കാണിച്ചിരിക്കുന്ന ഗുണഭോക്താക്കൾക്ക് 4,60,000/- രൂപ വീതം നൽകുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | പേരു വിലാസവും | കൈപ്പറ്റിയ | അധിക തുക പിൻവലിച്ച ബിൽ |
|---|---|---|---|

| | | തുക | നമ്പർ/ തീയതി |
|---|---|---|---|
| 1 | അമ്മിണി, കൊല്ലശേരിത്തറയിൽ | 40000 | - |
| | | 160000 | - |
| | | 160000 | - |
| | | 100000 | ബിൽ നമ്പർ.03/22.05.19 |
| 2 | സുശീല,ആര്യനിവാസ്,ചുനക്കര വടക്ക്, | 40000 | - |
| | | 160000 | - |
| | | 160000 | - |
| | | 100000 | ബിൽ നമ്പർ. 28/14.03.19 |
| 3 | ശ്രീധരൻ കടക്കത്തറവടക്കതിൽ ചുനക്കര വടക്ക് | 40000 | - |
| | | 160000 | - |
| | | 160000 | - |
| | | 100000 | ബിൽ നമ്പർ.30/ 22.03.19 |

അമ്മിണി കൊല്ലശേരിത്തറയിൽ എന്ന ആൾക്ക് നൽകിയ അധിക തുക 17-08-2019 – ൽ കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ അടച്ചിരുന്നു. മറ്റു രണ്ട് ഗുണഭോക്താക്കളും തുക ഒടുക്കിയിട്ടില്ല. ഇതിന് നൽകിയ ഓഡിറ്റ് (എൻക്വയറി നമ്പർ-07/06.03.20200 എൻക്വയറിക്കുള്ള മറുപടിയിൽ അധിക തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. അധികമായി നൽകിയ 1,20,000/-രൂപ ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കേണ്ടതാണ്. ഇല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായിരിക്കും.

## 1-26 സമയബന്ധിതമായി ചെലവു നടത്തുന്നില്ല.ഫണ്ട് ലാപ്സാകുന്നു.

സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ യഥാസമയം ചെലവഴിക്കാത്തതിനാൽ വർഷാവർഷം പഞ്ചായത്തിന് വൻതുക നഷ്ടമാകുന്നു.

2018-19 സാമ്പത്തിക വർഷാവസാനം പഞ്ചായത്ത് ചെലവാക്കാതെ ശേഷിച്ച ഫണ്ടിന്റെ വിവരം താഴെ പറയുംപ്രകാരമാണ്.

| | |
|---|---|
| വികസനഫണ്ട് (ജനറൽ) | 75000 |
| വികസനഫണ്ട് (എസ്.സി.പി) | 923412 |
| സി.എഫ്. സി | 1596615 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ് | 3998964 |

| | |
|---|---|
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ് | 431141 |
| ആകെ | 7025132 |

മുൻവർഷം ചെലവഴിക്കാതെ ശേഷിച്ച ഫണ്ട് തദ്ദേശസ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടില്ല. ഫലത്തിൽ ഇവ നഷ്ടപ്പെട്ട സ്ഥിതിയാണ്. മുൻവർഷങ്ങളിലും ഇതേസ്ഥിതി ആയിരുന്നു എങ്കിലും ഇതിനെ അതിജീവിക്കാൻ പഞ്ചായത്ത് ശ്രമിച്ചിട്ടില്ല. ലഭിക്കുന്ന ധനസഹായം സമയബന്ധിതമായി ചെലവഴിക്കുന്നതിന് കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്ഥിരംസമിതി കൂടുതൽ ശ്രദ്ധചെലുത്തേണ്ടതാണ്.

## 1-27 ദിവസവേതന ജീവനക്കാരുടെ നിയമനം -സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

കേരളപഞ്ചായത്ത് രാജ് (ഉദ്യോഗസ്ഥരുടെ മേൽ നിയന്ത്രണചട്ടങ്ങൾ) ചട്ടം 8 അനുസരിച്ച് നിലവിലുള്ള ഏതെങ്കിലും ഒഴിവിലേക്ക് ജീവനക്കാരെ ഉടൻ ലഭ്യമല്ലാത്ത സാഹചര്യത്തിൽ നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ആയിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 5-2-2014-ലെ 25941/ഉ2/2013/തൊഴിൽ പ്രകാരം പി.എസ്.സി. നിയമനത്തിന്റെ പരിധിയിൽപ്പെടാത്ത എല്ലാ ഒഴിവുകളിലേക്കുമുള്ള നിയമനങ്ങൾക്ക് എപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ സേവനം പ്രയോജനപ്പെടുത്തണമെന്ന് നൽകിയിരുന്ന നിർദ്ദേശം പാലിക്കപ്പെടാത്തതിനാൽ 26-12-2016 ൽ വീണ്ടും എല്ലാ സ്ഥാപനമേധാവികൾക്കും കർശന നിർദ്ദേശം നൽകിയിരുന്നു. ചട്ടപ്രകാരം നിലവിലുള്ള ഒഴിവിലേക്ക മാത്രമേ നിയമനം നടത്താൻ പാടുള്ളൂ എന്നും പി.എസ്.സി വഴി പെട്ടെന്ന് നിയമനം സാധ്യമല്ലാത്ത സാഹചര്യങ്ങളിൽ നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി ആയിരിക്കണം എന്നും നിർദ്ദേശമുണ്ടായിരുന്നു.

എന്നാൽ മിക്ക സ്ഥാപനങ്ങളും ഈ നിർദ്ദേശം അവഗണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സർക്കാർ അംഗീകൃതമല്ലാത്ത തസ്തികകളിലേക്ക് സർക്കാർ അനുവാദത്തോടെ മാത്രമേ താത്കാലിക നിയമനം നടത്താൻ പാടുള്ളൂ എന്ന് നിർദ്ദേശിച്ചുകൊണ്ട് നമ്പർ 3/2019 തീയതി 11-1-2019 പ്രകാരം ധനകാര്യ വകുപ്പ് സർക്കുലർ പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

എന്നാൽ ചുനക്കര ഗ്രാമപഞ്ചായത്തിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്ന തസ്തികയിൽ ദിവസവേതനത്തിന് ആളെ നിയോഗിച്ചിട്ടുള്ളതായി കാണുന്നു. കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് നിയമനം നടത്തിയിട്ടുള്ളത്. ഇത് നിയമാനുസൃതമല്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-28 ഹരിതകർമ്മസേന പ്രവർത്തനങ്ങൾ -അപാകതകൾ പരിഹരിക്കേണ്ടതാണ്

മാലിന്യനിർമ്മാർജ്ജനത്തിനായി സർക്കാർ നിർദ്ദേശാനുസരണം ഹരിതകർമ്മസേന രൂപീകരിച്ചിരുന്നു. 15 വാർഡിലും 2 പേരെ വീതം തെരഞ്ഞെടുക്കുകയും യൂസർഫീ കളക്ട് ചെയ്യുന്നതിനായി രസീതുബുക്കുകൾ അച്ചടിച്ച് നൽകുകയും ചെയ്തിരുന്നു. വയബിലിറ്റി ഗ്യാപ്പ് ഫണ്ട് വിതരണ പ്രോജക്ട് വി.ഇ.ഒ.യെ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയിരുന്നു. ഫയൽ പരിശോധനയിൽ ഹരിതകർമ്മസേന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. 30 രസീതു ബുക്കുകൾ അച്ചടിച്ചതായി നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിരുന്നു എങ്കിലും സ്റ്റോക്ക് രജിസ്റ്റർ ശരിയാംവിധം സൂക്ഷിക്കാത്തതിനാൽ എത്രരസീതു ബുക്കുകൾ അച്ചടിച്ചു എന്നും ആർക്കൊക്കെ ഏതൊക്കെ നമ്പരിലുള്ള രസീതു ബുക്കുകൾനൽകി എന്നും വ്യക്തതയില്ല.
2. 23 ബുക്കുകൾ പരിശോധനക്ക ഹാജരാക്കുകയുണ്ടായി. 801-900, 1701-1800, 1801-1900, 2201-2300, 2401-2500, 2601-2700, 2901-3000 എന്നീരസീതുബുക്കുകളാണ് ലഭിക്കാനുള്ളത്. ഈ ബുക്കുകൾ ആരാണ് കൈപ്പറ്റിയത് എന്നും ഇത് വഴി പിരിവ് നടന്നിട്ടുണ്ടോ എന്നും വ്യക്തതയില്ല.
3. ഹരിതസേനാംഗങ്ങൾ കളക്ഷൻ തുക കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തി യഥാസമയം ഒടുക്കുവരുത്തുന്നില്ല. രസീതു ബുക്കിലെ തീയതി പ്രകാരം ഒക്ടോബർ മാസത്തിലാണ് പണംപിരിവ് നടത്തിയിട്ടുള്ളത്. എന്നാൽ തുക പഞ്ചായത്തിൽ ഒടുക്കിയിട്ടുള്ളത് ഫെബ്രുവരി മാസത്തിലാണ്. 13 പേർ മാത്രമാണ് തുക ഒടുക്കിയിട്ടുള്ളത്.

മേൽ അപാകതകൾക്ക് വിശദീകരണം ആരാഞ്ഞു നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 12/07.03.2020) മറുപടിയിൽ തദ്ദേശസ്വയംഭരണ തലത്തിൽ പ്രിന്റ് ചെയ്ത് നൽകുന്ന രസീത് ബുക്ക്, അറ്റന്റൻസ് രജിസ്റ്റർ, ക്യാഷ് ബുക്ക്, കളക്ഷൻ രജിസ്റ്റർ എന്നിവ കുടുംബശ്രീ തലത്തിലാണ് സൂക്ഷിക്കുന്നത് എന്ന് അറിയിക്കുകയുണ്ടായി. ഹരിത കർമ്മ സേന അംഗങ്ങൾ കുടുംബശ്രീ പ്രവർത്തകരാകാം എന്നല്ലാതെ ഇതിന്റെ ചുമതല ഇവരെ ഏൽപ്പിക്കാൻ നിർദ്ദേശമുള്ളതായി കാണുന്നില്ല. യൂസർഫീ സംബന്ധമായ വിവരങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥയുടെ ചുമതലയിൽപ്പെടുന്ന കാര്യമാണ്. രസീതുബുക്കുകളുടെ സ്റ്റോക്ക് ശരിയായി പരിപാലിക്കുന്നതിനും പിരിവുതുക കളക്ഷൻ രജിസ്റ്ററിലും ക്യാഷ് ബുക്കിലും രേഖപ്പെടുത്തി കൃത്യമായി പഞ്ചായത്തിൽ ഒടുക്കു വരുത്തുന്നതിനും ശ്രദ്ധ ചെലുത്തണം. വയബിലിറ്റി ഗ്യാപ്പ് ഫണ്ട് സർക്കാർ നിർദ്ദേശാനുസരണം മാത്രം വിനിയോഗിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്. ഹരിതകർമ്മസേനാ പ്രവർത്തനം ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക മേൽനോട്ടത്തിൽ ശുചിത്വ വർക്കിംഗ് ഗ്രൂപ്പുകളുടെ സജീവ പിന്തുണയോടെ നടപ്പാക്കേണ്ടതാണ് എന്നതിനാൽ ഈ വിഷയത്തിൽ ഈ ജനകീയ സഭകളും കാര്യക്ഷമമാകേണ്ടതാണ്.

### 1-29 ജനറൽ പർപ്പസ് ഫണ്ട് അവസാനഗഡുതുക ക്രെഡിറ്റ് ചെയ്തില്ല

2018-19 വർഷത്തെ ബജറ്റ് പ്രകാരം ചുനക്കര ഗ്രാമപഞ്ചായത്തിന് അനുവദിച്ചിരുന്ന ജനറൽ പർപ്പസ് ഫണ്ട് വിഹിതം 96,97,142/- രൂപ ആയിരുന്നു. എന്നാൽ 89,57,142/- രൂപ മാത്രമാണ് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. 7,40,000/- രൂപ ക്രെഡിറ്റ് ചെയ്തില്ല. ജനറൽ പർപ്പസ് ഫണ്ടിന്റെ അവസാനഗഡു ലഭിക്കുന്നതിനായി ബില്ല് തയ്യാറാക്കിയെങ്കിലും മാർച്ച് അവസാനം പദ്ധതിസംബന്ധമായ ബില്ലുകൾ ട്രഷറിയിൽ നൽകുന്ന തിരിക്കിനിടയിൽ ഇതുമായി ബന്ധപ്പെട്ട ബില്ല് സമർപ്പിക്കാൻ വിട്ടുപോയി എന്നും നഷ്ടപ്പെട്ട തുക തിരികെ ലഭിക്കുന്നതിന് സർക്കാരിലേക്ക് അപേക്ഷ നൽകിയിട്ടുണ്ടെന്നും എക്സിറ്റ് മീറ്റിംഗ് വേളയിൽ ലഭ്യമാക്കിയ വിശദീകരണത്തിൽ അറിയിക്കുകയുണ്ടായി. നഷ്ടപ്പെട്ട വിഹിതം തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

### 1-30 ശമ്പളകുടിശ്ശികയ്ക്ക് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ ഈടാക്കിയില്ല

സർക്കാർ ഉത്തരവ് (7/2016/ഫിൻ തീയതി.20-1-2016 പ്രകാരം സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും 7/14 മുതൽ 1/16 വരെയുള്ള ശമ്പളം നാലു ഗഡുക്കളായി നൽകുന്നതിനും ഉത്തരവായിട്ടുള്ളതാണ്. ചുനക്കര ഗ്രാമപഞ്ചായത്തിലെ ജീവനക്കാർക്ക് 2018-19 സാമ്പത്തിക വർഷം ശമ്പളകുടിശ്ശികയുടെ രണ്ട് ഗഡുക്കൾ താഴെ പറയും പ്രകാരം ലഭിച്ചിരുന്നു. എന്നാൽ ഈ ജീവനക്കാരുടെ പുതുക്കിയ ശമ്പളത്തിന് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ (നം.06/06.03.2020) ജീവനക്കാരുടെ ശമ്പളത്തിന് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്.

| ചെക്ക് നം./തീയതി | തുക |
|---|---|
| 2788220 /30-06-2018 | 29714 |
| 2788221 /30-06-2018 | 178663 |
| 2788254 /12-10-2018 | 168693 |
| 2180567 /23-10-2018 | 32124 |

കുടിശ്ശിക ശമ്പളത്തിന് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കുവരുത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

ഇല്ല

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരിക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സമഗ്ര നെൽക്യഷി-കൂലിച്ചെലവ് അധികമായി നൽകി- തുക നിരാകരിക്കുന്നു

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ | 13/18-19 | |
| പദ്ധതിയുടെ പേര് | സമഗ്ര നെൽക്യഷി വികസനം | |
| വികസനഫണ്ട് | 1634500 | |
| ബ്ലോക്ക് വിഹിതം | 1838260 | |
| ജില്ലാപഞ്ചായത്ത് വിഹിതം | 906932 | |
| ബിൽ നമ്പർ-2/18-19 | 197895 | 30.10.18 |
| ബിൽ നമ്പർ-4/18-19 | 123000 | 30.11.18 |
| ബിൽ നമ്പർ-5/18-19 | 188400 | 31.12.18 |
| ബിൽ നമ്പർ-6/18-19 | 237596 | 31.12.18 |
| ബിൽ നമ്പർ-7/18-19 | 188783 | 31.12.18 |
| ബിൽ നമ്പർ-8/18-19 | 182826 | 31.12.18 |
| ബിൽ നമ്പർ-9/18-19 | 70831 | 31.12.18 |
| ബിൽ നമ്പർ-13/18-19 | 188400 | 11.02.19 |

2018-19 സാമ്പത്തികവർഷം ക്യഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതിയായിരുന്നു സമഗ്ര നെൽക്യഷി. പ്രസ്തുത പദ്ധതിക്കായി കൂലിച്ചെലവ് നൽകിയ വകയിൽ രണ്ട് കർഷകർക്ക് കൂലി ചെലവ് ഇനത്തിൽ തുക അധികരിച്ച് നല്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനം | കർഷകന്റെ പേര് വിവരം | ക്യഷി ചെയ്ത ഭൂമി(സെന്റിൽ) | നൽകിയ തുക | നല്കാവുന്ന തുക | സബ്സിഡിയിൽ അധികരിച്ച തുക |
|---|---|---|---|---|---|
| 1 | സുലേഖ.എ<br>കൊച്ചയ്യത്ത് ലക്ഷം വീട്<br>ചുനക്കര നടുവിൽ | 120 | 15987 | 8160 | 7827 |

| | | | | | |
|---|---|---|---|---|---|
| | (അപേക്ഷ നം-22) | | | | |
| 2 | ഉഷാകുമാരി<br>അഞ്ജലി, ചുനക്കര<br>(അപേക്ഷ നം-70) | 110 | 25385 | 7480 | 15979 |
| **ആകെ** | | | | | **23806** |

സർക്കാർ ഉത്തരവ് (കൈ) നം.22/2018 ത.സ്വ.ഭ.വ.തിരുവനന്തപുരം. തീയതി. 14.02.2018 – ലെ സബ്സിഡി മാർഗ്ഗരേഖയിലെ 7.1.13 ഉത്തരവ് പ്രകാരം ഒരു ഹെക്ടർ കൃഷി ഭൂമിക്ക് 17,000/- രൂപ കൂലിച്ചെലവ് ഇനത്തിൽ സബ്സിഡി തുകയായി നല്കാവുന്നതാണ്. മേൽപ്പറയുന്ന രണ്ട് അപേക്ഷകർക്കും ഉത്തരവ് പ്രകാരമുള്ള കൂലിച്ചെലവ് തുകയിൽ അധികമായി നല്കുകയുണ്ടായി.

ക്രമനമ്പർ 1 ലെ അപേക്ഷകൻ 120 സെന്റ് നിലം നെൽകൃഷി ചെയ്യുന്നതിനുള്ള കൂലിച്ചെലവ് സബ്സിഡി തുക ആവശ്യപ്പെട്ടാണ് അപേക്ഷ നൽകിയത്. കൃഷി ഓഫീസറാകട്ടെ 1.2 ഹെക്ടർ എന്ന പ്രകാരം തുക കണക്കാക്കിയാണ് തുകയ്ക്ക് അനുമതി നല്കിയത്. അപേക്ഷകൻ കരം അടച്ച രസീതും ഹാജരാക്കിയിട്ടില്ല.

ക്രമനമ്പർ 2 ലെ അപേക്ഷകൻ 138 സെന്റ് സ്ഥലത്തിന്റെ കരം ഒടുക്കിയ രസീത് ഹാജരാക്കിയിട്ടില്ല. എന്നാൽ വസ്തുവിന്റെ കരം ഒടുക്കിയ ഒരേ രസീതിന്റെ രണ്ട് ഫോട്ടോസ്റ്റാറ്റ് കോപ്പികൾ അപേക്ഷയോടൊപ്പം ഇടുകയും അത് ഇരട്ടിയായി കണക്കാക്കിയാണ് അധിക കൂലിച്ചെലവ് സബ്സിഡി അനുവദിച്ച് നൽകിയത്.

രണ്ട് അപേക്ഷകളിലൂടെ അപേക്ഷകർക്ക് 23,806/- രൂപ അധികമായി തുക അനുവദിച്ച് നൽകുകയുണ്ടായി. അധികമായി ചെലവഴിച്ച തുക നിരാകരിക്കുന്നു.

### 3-2 ലൈഫ് ഭവനപദ്ധതി-അനുവദനീയമായതിലും അധികരിച്ച ചെലവു ചെയ്തു

പ്രോജക്ട് നം. – 57

അടങ്കൽ തുക : 1,20,00,000/-

ചെലവുതുക : 71,80,000/-

എസ്.സി ഗുണഭോക്താക്കൾക്കായുള്ള ലൈഫ് ഭവനനിർമ്മാണ പദ്ധതിയിൽ അനുവദനീയമായ തുക 4,00,000/- രൂപയാണ്. എന്നാൽ താഴെ കാണിച്ചിരിക്കുന്ന ഗുണഭോക്താക്കൾക്ക് 4,60,000/- രൂപ വീതം നൽകുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | പേരും വിലാസവും | കൈപ്പറ്റിയ തുക | അധിക തുക പിൻവലിച്ച ബിൽ നമ്പർ/ തീയതി |
|---|---|---|---|
| 1 | അമ്മിണി, കൊല്ലശേരിത്തറയിൽ | 40000 | - |
| | | 160000 | - |
| | | 160000 | - |
| | | 100000 | ബിൽ നമ്പർ.03/22.05.19 |

| | | | |
|---|---|---|---|
| 2 | സുശീല,ആര്യനിവാസ്,ചുനക്കര വടക്ക് | 40000 | - |
| | | 160000 | - |
| | | 160000 | - |
| | | 100000 | ബിൽ നമ്പർ. 28/14.03.19 |
| 3 | ശ്രീധരൻ, കടക്കത്തറവടക്കതിൽ, ചുനക്കര വടക്ക് | 40000 | - |
| | | 160000 | - |
| | | 160000 | - |
| | | 100000 | ബിൽ നമ്പർ.30/ 22.03.19 |

അമ്മിണി കൊല്ലശേരിത്തറയിൽ എന്ന ആൾക്ക് നൽകിയ അധിക തുക 17-08-2019-ൽ തിരികെ അടച്ചിരുന്നു. മറ്റു രണ്ട് ഗുണഭോക്താക്കളും തുക ഒടുക്കിയിട്ടില്ല. ഇതിന് നൽകിയ എൻക്വയറിക്കുള്ള മറുപടിയിൽ അധിക തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. അധിക തുക ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കേണ്ടതാണ്. ഇല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായിരിക്കും.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 14-6-2019 &15-6-2019 | കെ.എസ്.എ/എ.എൽ.പി./ പി.12/617/19 dt.29-6-2019 |

### 4-2 സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവഴിച്ച തുക | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018/19 | 100000 | അനുപൂരക പോഷകാഹാര പരിപാടി | 100000 | 0 |
| ജില്ലാ | 2018/19 | 200000 | ഭിന്നശേഷിയുള്ള | 200000 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | | |
| ജില്ലാ പഞ്ചായത്ത് | 2018/19 | 300000 | സമഗ്ര നെൽകൃഷി വികസനം | 300000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018/19 | 700000 | പെല്ലത്ത്മുക്ക് മിനി വാട്ടർ സപ്ലൈ സ്കീം | 349992 | 350008 |
| ജില്ലാ പഞ്ചായത്ത് | 2018/19 | 312182 | ലൈഫ് ഭവന നിർമ്മാണം (ജനറൽ) | 160000 | 152182 |
| ജില്ലാ പഞ്ചായത്ത് | 2018/19 | 273278 | ലൈഫ് ഭവന നിർമ്മാണം (എസ് സി) | - | 273278 |
| ബ്ലോക്ക് പഞ്ചായത്ത് | 2018/19 | 200000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 200000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1640000 | സമഗ്ര നെൽകൃഷി വികസനം | 1640000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2018/19 | 400000 | പാലിന് സബ്സിഡി(ജനറൽ) | 400000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018/19 | 425000 | പാലിന് സബ്സിഡി(വനിത) | 425000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018/19 | 886145 | ലൈഫ് ഭവന നിർമ്മാണം(ജനറൽ) | 880000 | 6145 |
| ബ്ലോക്ക് പഞ്ചായത്ത് | 2018/19 | 551637 | ലൈഫ് ഭവന നിർമ്മാണം(എസ് സി) | - | 551637 |
| ബ്ലോക്ക് പഞ്ചായത്ത് | 2018/19 | 450000 | വയോജനവാടി | 399031 | 50969 |
| ബ്ലോക്ക് പഞ്ചായത്ത് | 2018/19 | 750000 | വയോജനവാടിക്ക് ഓപ്പൺ എയർ ഓഡിറ്റോറിയം | - | 750000 |
| ബ്ലോക്ക് പഞ്ചായത്ത് | 2018/19 | 12000 | ബേബി ഫ്രണ്ട്ലി ടോയ്‌ലെറ്റ് | 12000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 20000 | അങ്കണവാടിക്ക് വാട്ടർ കണക്ഷൻ | 20000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ് ഇ.ബി | വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 21800693/04-12-2018 | 75683 | 0 | 75683 |
| കെ.എസ് ഇ.ബി | സ്നേഹവീടിന് വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ | 21801158-38/03/2019 ADCB - 020687 | 50112 | 50112 | 0 |
| പി.ഡബ്ല്യു. ഡി | കരിമുളയ്ക്കൽ 33-ാം നമ്പർ അങ്കണവാടി കെട്ടിട നിർമ്മാണത്തിന് പഞ്ചായത്ത് വിഹിതം നൽകൽ | 21800951/24-11-2018 | 580000 | - | 580000 |
| കേരള വാട്ടർ അതോറിറ്റി | കരിമുളയ്ക്കൽ പഞ്ചായത്ത് കിണർ ജംഗ്ഷൻ മുതൽ വി എസ് കോട്ടേജ് ജംഗ്ഷൻ വരെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21801096/21-01-2019 | 160000 | 154230 | 5770 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 29,40,000/-രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ.(എം.എസ്)100/18തസ്വഭവ തീ.30.07.18 | 2940000 | 0 | ഇല്ല. | | 2940000 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | 2-24 1(2) | 2005-06-2006-07 | 91 | പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് നിയോഗിക്കപ്പെട്ട കൺവീനർക്കെതിരെയാണ് R.R നടപടി സ്വീകരിക്കുന്നത് | R.R നടപടി സ്വീകരിച്ചിട്ടുണ്ട് |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക**

**ഇല്ല**

**(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക**

**ഇല്ല**

## 4-10. ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 82443698 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 64995444 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 145732 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2634918 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 25732 | ശ്രീമതി.രജനി.പി, കൃഷി ഓഫീസർ |
| 3-2 | | 120000 | ശ്രീമതി.ഗിരിജരാജശ്രീ, വി.ഇ.ഒ. |
| **ആകെ** | | **145732** | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ<br>ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1.18 | 1295485 | ശ്രീ.ബിനോദ്.ജെ, അസിസ്റ്റന്റ് എൻജിനീയർ |
| 1.23 | 483750 | ശ്രീമതി രജനി.പി, കൃഷി ഓഫീസർ. |
| 1.24 | 855683 | ശ്രീ.ഹരികുമാർ.കെ.ജി, സെക്രട്ടറി |
| ആകെ | **2634918** | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ** എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യ**മായവ

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും<br>ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഹരികുമാർ.കെ.ജി,<br>സെക്രട്ടറി | സെക്രട്ടറി,<br>ചുനക്കര ഗ്രാമപഞ്ചായത്ത് | പല്ലവി, ഇരേഴ വടക്ക്<br>ചെട്ടികുളങ്ങര |
| ശ്രീ.ബിനോദ്,<br>അസിസ്റ്റന്റ് എൻജിനീയർ | ലഭ്യമല്ല | ബിനു ഭവനം പുനനൂട് |
| ശ്രീമതി രജനി<br>കൃഷി ഓഫീസർ | ലഭ്യമല്ല | കാവുവിളയിൽ, മാങ്കാങ്കുഴി |
| ശ്രീമതി ഗിരിജ രാജശ്രീ | വി.ഇ.ഒ.ചുനക്കര | നന്ദനം, തെക്കേമങ്കുഴി,<br>പുള്ളിക്കണക്ക് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1998-99(ചെലവ്) | എൽ.എഫ്.ജി.എ5-1832/2011/31.01.2012 |
| 1999-2000 | എൽ.എഫ്.ജി.എ5-1832/2011/31.01.2012 |

| | |
|---|---|
| 2000-01 | എൽ.എഫ്.ജി.എ5-1832/2011/31.01.2012 |
| 2001-02 | എൽ.എഫ്.ജി.എ5-1832/2011/31.01.2012 |
| 2004-05 | എൽ.എഫ്.ജി.എ5-1832/2011/31.01.2012 |
| 2006-07 | എൽ.എഫ്.ജി.എ5-1577/13(B)/22.05.2012 |
| 2007-08 | എൽ.എഫ്.ജി.എ5-1577/13(B)/22.05.2012 |
| 2008-09 | എൽ.എഫ്.ജി.എ5-1577/13(B)/22.05.2012 |
| 2009-10 | എൽ.എഫ്.പി.9/1200/10/21.03.2011/31.03.2011 |
| 2010-11,11-12 | എൽ.എഫ്.പി.6/370/2014/23.06.2014/ 08.08.2014 |
| 2012-13 | എൽ.എഫ്.പി.6/141/2010/31.03.2015 |
| 2013-14 | കെ.എസ്.എ/എ.എൽ.പി./പി.6-1080/2015/18.09.2015 |
| 2014-15 | കെ.എസ്.എ/എ.എൽ.പി./പി.12-820/2016/26.07.2016 |
| 2015-16 | കെ.എസ്.എ/എ.എൽ.പി./പി12/ 1538/16 തീയതി,27.12.2016 |
| 2016-17 | കെ.എസ്.എ/എ.എൽ.പി/പി12 -1189/2017 തീയതി,13.09.2017 |
| 2017-18 | കെ.എസ്.എ/എ.എൽ.പി/പി12 -1202/2018തീയതി,03.09.2018 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ,**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**

**ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ**

## അനുബന്ധം.1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ചുനക്കര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം.2

| | | |
|---|---|---|
| 1. | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2. | ഇൻകം & എക്സ്പെൻഡിച്ചർ | |
| 3. | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ